©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 നവംബർ 03<br>03rd November 2020<br>1196 തുലാം 18<br>18th Thulam 1196<br>1942 കാർത്തികം 12<br>12th Karthika 1942 | നമ്പർ<br>No. | **2621** |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 274/2020/സം.തി.ക തീയതി, തിരുവനന്തപുരം, 2020 നവംബർ 03

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 10-)0 വകുപ്പു പ്രകാരം 16.10.2020 –ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 49/2020/ത.സ്വ.ഭ.വ പ്രകാരം 2020-ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ സ്ഥാനങ്ങളിൽ 3 എണ്ണം സ്ത്രീകൾക്ക് സംവരണം ചെയ്തുകൊണ്ടും 87 മുനിസിപ്പൽ കൗൺസിലുകളിലെ ചെയർപേഴ്സൺ സ്ഥാനങ്ങളിൽ 44 സ്ഥാനങ്ങൾ സ്ത്രീകൾക്കും (പട്ടികജാതി സ്ത്രീ ഉൾപ്പെടെ) 6 എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും അതിൽ 3 എണ്ണം പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾക്കും 1 എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള മുനിസിപ്പാലിറ്റി ആക്ടിലെ 10 (6) വകുപ്പിനുള്ള ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള മുനിസിപ്പാലിറ്റിയും പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ സംവരണം ചെയ്യേണ്ട മുനിസിപ്പാലിറ്റിയും ഒന്നു തന്നെയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്ക് മുൻഗണന നൽകേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത് സ്ത്രീകളുടെ ഏറ്റവും കൂടുതൽ ജനസംഖ്യയുടെ ശതമാനമുള്ള മുനിസിപ്പാലിറ്റിയിലെ ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്കായി ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യപ്പെടുന്ന മുനിസിപ്പാലിറ്റികളിൽ സ്ത്രീകളുടെ ജനസംഖ്യയുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ള മുനിസിപ്പാലിറ്റികളിൽ ക്രമമനുസരിച്ച് അവരിലെ സ്ത്രീകൾക്ക് ചെയർപേഴ്സൺ സ്ഥാനം സംവരണം ചെയ്യേണ്ടതാണ് എന്ന് രണ്ടാം ക്ലിപ്ത നിബന്ധനയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 10-)0 വകുപ്പിലെ 2 മുതൽ 6 വരെയുള്ള ഉപവകുപ്പുകളിലെ നടപടിക്രമം പാലിച്ചുകൊണ്ട് താഴെപ്പട്ടികയിലെ മൂന്നാം കോളത്തിൽപ്പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിലെ/മുനിസിപ്പൽ കൗൺസിലുകളിലെ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ സ്ഥാനങ്ങൾ നാലാം കോളത്തിൽ കാണിച്ചിരിക്കുന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പട്ടിക

| ക്രമ നമ്പർ | സി നമ്പർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|
| 1 | 1 | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| 2 | 2 | കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| 3 | 5 | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | സ്ത്രീ |
| **ക്രമ നമ്പർ** | **എം. നമ്പർ** | **മുനിസിപ്പൽ കൗൺസിലിന്റെ പേര്** | **സംവരണ വിഭാഗം** |
| 1 | 82 | സുൽത്താൻ ബത്തേരി | പട്ടിക വർഗ്ഗം |
| 2 | 2 | നെടുമങ്ങാട് | പട്ടികജാതി സ്ത്രീ |
| 3 | 26 | കളമശ്ശേരി | പട്ടികജാതി സ്ത്രീ |
| 4 | 34 | കൊടുങ്ങല്ലൂർ | പട്ടികജാതി സ്ത്രീ |
| 5 | 42 | പൊന്നാനി | പട്ടികജാതി |
| 6 | 44 | പെരിന്തൽമണ്ണ | പട്ടികജാതി |
| 7 | 79 | മുക്കം | പട്ടികജാതി |
| 8 | 3 | ആറ്റിങ്ങൽ | സ്ത്രീ |
| 9 | 5 | പരവൂർ | സ്ത്രീ |
| 10 | 6 | പുനലൂർ | സ്ത്രീ |
| 11 | 10 | തിരുവല്ല | സ്ത്രീ |
| 12 | 11 | കായംകുളം | സ്ത്രീ |
| 13 | 13 | ചെങ്ങന്നൂർ | സ്ത്രീ |
| 14 | 14 | ആലപ്പുഴ | സ്ത്രീ |
| 15 | 15 | ചേർത്തല | സ്ത്രീ |
| 16 | 16 | ചങ്ങനാശ്ശേരി | സ്ത്രീ |
| 17 | 17 | കോട്ടയം | സ്ത്രീ |
| 18 | 18 | വൈക്കം | സ്ത്രീ |
| 19 | 21 | തൃപ്പൂണിത്തുറ | സ്ത്രീ |
| 20 | 27 | പറവൂർ | സ്ത്രീ |
| 21 | 30 | തൃക്കാക്കര | സ്ത്രീ |
| 22 | 33 | ഇരിങ്ങാലക്കുട | സ്ത്രീ |
| 23 | 35 | ചാവക്കാട് | സ്ത്രീ |
| 24 | 39 | ഒറ്റപ്പാലം | സ്ത്രീ |
| 25 | 40 | പാലക്കാട് | സ്ത്രീ |
| 26 | 41 | ചിറ്റൂർ-തത്തമംഗലം | സ്ത്രീ |
| 27 | 43 | തിരൂർ | സ്ത്രീ |
| 28 | 46 | മഞ്ചേരി | സ്ത്രീ |
| 29 | 47 | കോട്ടക്കൽ | സ്ത്രീ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | എം. നമ്പർ | മുനിസിപ്പൽ കൗൺസിലിന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|
| 30 | 49 | കൊയിലാണ്ടി | സ്ത്രീ |
| 31 | 50 | വടകര | സ്ത്രീ |
| 32 | 53 | തളിപ്പറമ്പ് | സ്ത്രീ |
| 33 | 54 | കൂത്തുപറമ്പ് | സ്ത്രീ |
| 34 | 55 | തലശ്ശേരി | സ്ത്രീ |
| 35 | 56 | പയ്യന്നൂർ | സ്ത്രീ |
| 36 | 58 | കാഞ്ഞങ്ങാട് | സ്ത്രീ |
| 37 | 60 | നീലേശ്വരം | സ്ത്രീ |
| 38 | 63 | ഏറ്റുമാനൂർ | സ്ത്രീ |
| 39 | 64 | ഈരാറ്റുപേട്ട | സ്ത്രീ |
| 40 | 65 | കട്ടപ്പന | സ്ത്രീ |
| 41 | 66 | പിറവം | സ്ത്രീ |
| 42 | 67 | കൂത്താട്ടുകുളം | സ്ത്രീ |
| 43 | 69 | പട്ടാമ്പി | സ്ത്രീ |
| 44 | 77 | രാമനാട്ടുകര | സ്ത്രീ |
| 45 | 81 | മാനന്തവാടി | സ്ത്രീ |
| 46 | 83 | ഇരിട്ടി | സ്ത്രീ |
| 47 | 85 | ശ്രീകണ്ഠാപുരം | സ്ത്രീ |
| 48 | 88 | കൊണ്ടോട്ടി | സ്ത്രീ |

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം -33

വി. ഭാസ്കരൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.03 10:49:38 +05:30